**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 488** **17-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സംസ്കരണ, വിപണന സംഘങ്ങളുടെ പ്രവർത്തനഫലമായി മൂല്യവർദ്ധനവ് വരുത്തി പ്രാദേശിക കാർഷികോല്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കുന്നതിന് വാട്ടുകപ്പ, വെളിച്ചെണ്ണ എന്നിവ ഉൾപ്പടെയുള്ള ഉല്പന്നങ്ങൾക്ക് വിദേശത്തും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും വിപണി കണ്ടെത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംസ്കരണ, വിപണന സംഘങ്ങളുടെയും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെയും പ്രവർത്തനഫലമായി പ്രാദേശിക കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി ടി ഉത്പന്നങ്ങൾക്ക് വിദേശത്തും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും വിപണി കണ്ടെത്താനായിട്ടുണ്ട്.<br><br>പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘമായ എറണാകുളം ജില്ലയിലെ വാരപ്പെട്ടി സഹകരണ ബാങ്കിന്റെ ഉല്പന്നങ്ങളായ വെളിച്ചെണ്ണ, ടപ്പിയോക്കാ വിത്ത് മസാല, ബനാന വാക്വം ഫ്രൈ, ഡ്രൈഡ് ചക്ക എന്നിവ ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്ത് വരുന്നതും ടപ്പിയോക്കാ വിത്ത് മസാല അമേരിക്ക, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലേക്കും വെളിച്ചെണ്ണയും, ടപ്പിയോക്കാ വിത്ത് മസാലയും ഡൽഹിയിലേക്ക് എത്തിച്ചും വിപണനം നടത്താൻ കഴിഞ്ഞിട്ടുണ്ട്.<br><br>സഹകരണ സംസ്കരണ, വിപണന സംഘമായ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി ഉത്പാദിപ്പിക്കുന്ന കൊപോൾ ബ്രാൻഡിൽ വിപണനം നടത്തുന്ന വെളിച്ചെണ്ണ വിദേശത്തേക്കും രാജ്യത്ത് 18 സംസ്ഥാനങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | കൂടുതൽ ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭങ്ങളും | (ബി) | കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കൽ, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക |

| | | | |
|---|---|---|---|
| | സ്റ്റാർട്ടപ്പുകളും ആരംഭിക്കുവാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; | | വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.ടി പദ്ധതിയിൽ 7 ഉപ ഘടകങ്ങൾ ഉൾപ്പെടുന്നു.ടി പദ്ധതിയിലെ ഉപഘടകങ്ങളിലൊന്നാണ് **"മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും".** സഹകരണ മേഖലയിലെ മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ കൃഷിയുടെയും കാർഷിക അനുബന്ധ ഉൽപന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി ഓരോ ജില്ലയിലും സഹകരണ സംഘങ്ങളുടെ (സഹകരണ സംരംഭകത്വം)/ സ്റ്റാർട്ടപ്പുകളുടെ മൂല്യവർദ്ധിത ക്ലസ്റ്ററുകൾ വികസിപ്പിക്കുക/സജ്ജീകരിക്കുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | അംഗീകൃത കാർഷിക കൂട്ടായ്മകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ സംഭരണത്തിനും ഉല്പന്നങ്ങൾ സംസ്കരിച്ചോ അല്ലാതെയോ ഉള്ള വിപണനത്തിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണി വില അടിസ്ഥാന വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പച്ചക്കറികൾ കർഷകരിൽ നിന്നും അടിസ്ഥാന വിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷിക വകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന കോ-ഓപ്പ്മാർട്ട് വെജ്ഫ്രഷ് എന്ന പേരിൽ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ